5501435/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എ.ആർ 12-1/100/2022/ഉഭപവ
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ ആർ 12) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-11-2022

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- സർക്കാർ ഓഫീസുകളിലും /സ്ഥാപനങ്ങളിലും പൗരാവകാശരേഖ കാലോചിതമായി പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) 21.12.1999- ലെ ജി.ഒ.(എം.എസ്) നം.30/99/ ഉഭപവ നമ്പർ ഉത്തരവ്.
(2) 1.7.2011, 10.8.2011, 23.9.2011 എന്നീ തീയതികളിലെ 9219/എആർ 12(1)/11/ഉഭപവ നമ്പർ സർക്കുലറുകൾ.
(3) 27.2.2012 ലെ 16411/എആർ12(1)/11/ഉഭപവ നമ്പർ സർക്കുലർ.
(4) 26.6.2012ലെ 4895/എആർ12(1)/12/ഉഭപവ നമ്പർ സർക്കുലർ.

സൂചന (1) പ്രകാരം പൗരാവകാശ രേഖ അംഗീകരിക്കുകയും സൂചന (2) ലെ സർക്കുലറുകൾ പ്രകാരം പൗരാവകാശ രേഖ എഴുതി പ്രദർശിപ്പിക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും, വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും എല്ലാ സർക്കാർ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും നിർദേശം നൽകുകയും ചെയ്തിരുന്നു. സൂചന (3) ലെ സർക്കുലർ പ്രകാരം എല്ലാ സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും തങ്ങളുടെ പൗരാവകാശ രേഖയുടെ പകർപ്പ് സംസ്ഥാനത്തെ എല്ലാ എം.എൽ.എ. മാർക്കും നേരിട്ട് അയച്ചു കൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് സൂചന (4) ലെ സർക്കുലർ പ്രകാരം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്ത വകുപ്പ്/ സ്ഥാപനങ്ങൾക്ക് അന്തിമ നിർദേശവും നൽകിയിരുന്നു. ആയതിനാൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും അവരവരുടെ വെബ്സൈറ്റുകളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി നിലവിലുള്ള പൗരാവകാശ രേഖ പരിഷ്കരിക്കേണ്ടതാണെന്ന വസ്തുതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകയാൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും നിലവിലുള്ള പൗരാവകാശരേഖ കാലോചിതമായി പരിഷ്കരിച്ച്, മലയാളത്തിൽ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ പകർപ്പ് ഈ വകുപ്പിൽ ഇ-മെയിൽ (pandardar12@gmail.com) മുഖേന ലഭ്യമാക്കേണ്ടതുമാണ് .

DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ് മേധാവികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
രജിസ്ട്രാർ, കേരള/കുസാറ്റ്/കോഴിക്കോട്/എം.ജി/കണ്ണൂർ/ശ്രീ ശങ്കരാചാര്യ/കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം)
മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്,
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ടു ചീഫ് സെക്രട്ടറി.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി